**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 260** **01-02-2023 - ൽ മറുപടിയ്ക്ക്**

**ഫോറൻസിക് ഡോക്ടറുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഫോറൻസിക് ഡോക്ടറെ നിയമിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | (എ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഫോറൻസിക് മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റിന്റെ തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | ഫോറൻസിക് ഡോക്ടറുടെ സേവനം ലഭ്യമാക്കാത്തതിനാൽ പല പോസ്റ്റ്മോർട്ടങ്ങളും നടത്താൻ പറ്റാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | വ്യക്തമായ മരണകാരണം മനസിലാക്കുവാൻ സാധിക്കാത്ത കേസുകളിലാണ് ഫോറൻസിക് സർജന്റെ സേവനം അത്യന്താപേക്ഷിതമായി വരുന്നത്. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിനായി വരുന്ന, വ്യക്തമായ മരണകാരണം മനസ്സിലാക്കാൻ സാധിക്കാത്ത കേസുകൾ, തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുന്നുണ്ട്. |
| (സി) | ഫോറൻസിക് ഡോക്ടറെ എപ്പോൾ നിയമിക്കാൻ കഴിയും എന്ന് വിശദമാക്കാമോ? | (സി) | മറുപടി (എ) യുടെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ